## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3290 14.03.2018 - ൽ മറുപടിയ്ക്ക്**

**അവയവദാനത്തിലെ വാണിജ്യ താല്പര്യം**

**ചോദ്യം**

ശ്രീ.ബി.സത്യൻ
ശ്രീ. വി. അബ്ദുറഹിമാൻ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.കെ.വി.വിജയദാസ്

(എ) മരണാനന്തര അവയവദാനം വഴി നിരവധി ജീവനുകൾ രക്ഷിക്കാൻ സാധ്യമാകുമെന്നിരിക്കെ ചില സ്വകാര്യ ആശുപത്രികളുടെ ദുരുദ്ദേശ്യം വിവാദമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് ജീവകാരുണ്യപരമായ അവയവദാനത്തെ പ്രതികൂലമായി ബാധിച്ചതു കണക്കിലെടുത്ത് ഈ രംഗത്ത് സുതാര്യത കൊണ്ടു വരുന്നതിനായുള്ള ഇടപെടലുകൾ വിശദമാക്കാമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)**

(എ) യും (ബി) യും സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതിയിൽ വന്ന പൊതു താൽപര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ദൃശ്യ നവ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതു സമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെ കുറിച്ച് ആശങ്ക ഉണ്ടാക്കി. തുടർന്ന് മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 01.02.2017 ലെ സ.ഉ.(എം.എസ്)നം.16/17/ആകുവ പ്രകാരം കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്കമരണ സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും വിദഗ്ദ ഡോക്ടർമാർ അടങ്ങുന്ന പാനലുകൾ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനു വേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഖമമാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസിന്റെ ഭാഗമായി ജില്ലാ തലത്തിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണത്തിനു വേണ്ടി ഏകദേശം 300 ഓളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്തിട്ടുമുണ്ട്.

(സി) അവയവദാനത്തിലെ വാണിജ്യ താല്പര്യം ഇല്ലാതാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) അവയവ കച്ചവടം അവസാനിപ്പിക്കുന്നതിനോടൊപ്പം അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പുറപ്പെടുവിച്ച മാർഗ്ഗരേഖ അറിയിക്കാമോ?

(സി) യും (ഡി) യും 24.11.2017 ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പൊതു വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാരതല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കും സ്വാപ്പ് ഡൊണേഷനു വേണ്ടിയും (നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ചേർന്ന്) ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് ന്റെ കീഴിൽ കൊണ്ടുവരുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 15.02.2018 ലെ സ.ഉ.(കൈ) നം.26/2018/ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പരോപകാരതല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയ്ക്ക് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ അവയവദാനത്തെ തുടർന്നുള്ള ചികിത്സാ വേളയിൽ ദാതാവിനുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനായി മൂന്ന് മാസത്തേയ്ക്ക് പ്രതിമാസം 50,000/- രൂപ വീതം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ